**പതിനാലാം കേരള നിയമസഭ**

**ഒമ്പതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1653** | **31/01/2018-ൽ മറുപടിയ്ക്ക്**

## ഗ്രാമപഞ്ചായത്തുകളിൽ ലൈഫ് മിഷൻ പാർപ്പിട പദ്ധതി

| ചോദ്യം<br>ശ്രീ. അനിൽ അക്കര | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ഗ്രാമപഞ്ചായത്തുകളിൽ ലൈഫ് മിഷൻ വഴി നടപ്പിലാക്കുന്ന പാർപ്പിട പദ്ധതിയ്ക്കായി ആദ്യ ഘട്ടത്തിൽ തെരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ ആകെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ? | (എ) | ആദ്യഘട്ടമായി 2017-18 സാമ്പത്തിക വർഷത്തിൽ മുൻ ഭവന പദ്ധതികളിൽ ഉൾപ്പെട്ട് പണി പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ ഭവനങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് നടക്കുന്നത്. ഗ്രാമപഞ്ചായത്തുകളിൽ ടി ഗണത്തിൽ 10719 ഗുണഭോക്താക്കളുണ്ട്. |
| (ബി) | നിലവിൽ ഗ്രാമസഭകൾ അംഗീകരിച്ച ഗുണഭോക്താക്കളുടെ എണ്ണം വ്യക്തമാക്കുമോ? ഈ ഗുണഭോക്താക്കൾക്ക് വീടുകൾ നൽകുന്നതിനുള്ള ആകെ അടങ്കൽ എത്രയെന്നും ആയതിന്റെ സ്രോതസ്സും വെളിപ്പെടുത്തുമോ; | (ബി) | പട്ടിക അംഗീകരിക്കുന്നതിനുള്ള ഗ്രാമസഭകൾ നടന്നുവരുകയാണ്. ആയതിനാൽ അംഗീകരിച്ച എണ്ണം ലഭ്യമല്ല. 317251 എണ്ണം ഭൂരഹിത ഭവനരഹിതരും 143742 എണ്ണം ഭൂമിയുള്ള ഭവനരഹിതർക്കുമായി ആകെ 42000 കോടി രൂപ പദ്ധതിയുടെ നടത്തിപ്പിന് ആവശ്യമായി വരുമെന്ന് പ്രതീക്ഷിക്കുന്നു. പ്രസ്തുത തുക ബഡ്ജറ്റ് വിഹിതം, കേന്ദ്രാവിഷ്കൃത വിഹിതം, വായ്പ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം എന്നിവയിൽ നിന്നും കണ്ടെത്തുന്നതിനാണ് ലക്ഷ്യമാക്കുന്നത്. |
| (സി) | ഈ സർക്കാർ നിലവിൽ വന്ന ശേഷം ഗ്രാമപഞ്ചായത്തുകളിൽ എത്ര പുതിയ വീടുകൾ ലൈഫ് മിഷന്റെ ഭാഗമായി നിർമ്മാണം പൂർത്തിയാക്കി ഗുണഭോക്താക്കൾക്ക് ലഭ്യമാക്കിയിട്ടുണ്ടെന്ന് | (സി) | ലൈഫ് മിഷനിൽ ഉൾപ്പെടുത്തി പുതിയ വീടുകൾ ഈ വർഷം ഏറ്റെടുത്തിട്ടില്ല. മുൻ വർഷങ്ങളിൽ ഏറ്റെടുത്തതും എന്നാൽ, പൂർത്തീകരിക്കാത്തതുമായ വീടുകളുടെ പൂർത്തീകരണമാണ് ഈ വർഷം ലൈഫ് പദ്ധതിയിൽ ആരംഭിച്ചത്. |

| | | | |
|---|---|---|---|
| | വ്യക്തമാക്കുമോ; | | |
| (ഡി) | ലൈഫ് മിഷന്റെ ഭാഗമായി ഗ്രാമപഞ്ചായത്തുകളിൽ വീടുകൾ നൽകുന്ന പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ ധനസഹായമുണ്ടോ? ഉണ്ടെങ്കിൽ വീടൊന്നിന് എത്രയെന്ന് വ്യക്തമാക്കുമോ; | (ഡി) | ഇല്ല, കേന്ദ്രാവിഷ്കൃത പദ്ധതിയായ പി.എം.എ.വൈ (ഗ്രാമീൺ)- ൽ വീടൊന്നിന് ഗുണഭോക്താവിന് ലഭിക്കുന്നത് 1,20,000 രൂപയാണ്. ലൈഫ് മിഷൻ പദ്ധതിയുടെ നിരക്ക് (4,00,000 രൂപ) ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി പി.എം.എ.വൈ യും ലൈഫ് പദ്ധതിയും സംയോജിപ്പിച്ചുകൊണ്ടാണ് നടപ്പിലാക്കുന്നത്. |
| (ഇ) | സംസ്ഥാന സർക്കാർ ഇതിനായി പ്രത്യേകം സഹായം ഗ്രാമപഞ്ചായത്തുകൾക്ക് നൽകുന്നതിനായി നീക്കി വച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ തുക വ്യക്തമാക്കുമോ? | (ഇ) | നിലവിൽ ഇല്ല. |

**സെക്ഷൻ ഓഫീസർ**